# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6119 | 07.07.2014-ൽ മറുപടിക്ക് |
|---|---|

### വിധവകളുടെ പുനരധിവാസം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി.കെ.എസ്.സലീഖ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് വിധവകളുടെ എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഇല്ല |
| (ബി) | നിലവിൽ എത്ര വിധവകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | കണക്കെടുത്തിട്ടില്ല. |
| (സി) | ഇതിൽ എത്ര വിധവകൾക്കാണ് സഹായങ്ങൾ നൽകിവരുന്നതെന്നും എപ്രകാരമുള്ള സഹായങ്ങളാണെന്നും വ്യക്തമാക്കുമോ; | (സി) | നിലവിൽ 919251 വിധവകൾക്ക് വിധവാ പെൻഷൻ നൽകി വരുന്നുണ്ട്. കൂടാതെ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം, വിധവാ പുനർ വിവാഹ ധനസഹായം എന്നിവയും നൽകി വരുന്നുണ്ട്. |
| (ഡി) | 60 വയസ്സിൽ താഴെയുള്ള കുടുംബ നാഥൻ മരണമടഞ്ഞാൽ കേന്ദ്ര സർക്കാരിന്റെ സാമൂഹ്യ സുരക്ഷാ പദ്ധതിയിലൂടെ നൽകുന്ന 20,000 രൂപ ഒരു ലക്ഷമാക്കി വർദ്ധിപ്പിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കുമോ; | (ഡി) | ഇതു പൂർണ്ണമായും ദേശീയ കുടുംബസഹായ പദ്ധതിയാണ്. ടി സഹായം കേന്ദ്രസർക്കാരിൻെറ മാനദണ്ഡങ്ങൾ അനുസരിച്ചാണ് നടപ്പിലാക്കി വരുന്നത്. |
| (ഇ) | നിലവിൽ വിധവകൾക്ക് നൽകുന്ന തുച്ഛമായ വിധവ പെൻഷൻ കാലോചിതമായി വർദ്ധിപ്പിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ഇ) | നിലവിൽ വിധവാ പെൻഷൻ 700 രൂപയാണ്. ആതയ് വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (എഫ്) | ബി.പി.എൽ. കുടുംബങ്ങൾക്ക് നൽകുന്ന ഒരു രൂപ വിലയുള്ള അരി അർഹതയുള്ള വിധവകളുടെ കുടുംബങ്ങൾക്കു കൂടി നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ; | (എഫ്) | 27.04.2012-ലെ സ.ഉ.(കൈ) നം. 112/2012/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, ആദായ നികുതി ഒടുക്കുന്നവർ, സ്വന്തമായി ഒരേക്കറിനു മേൽ ഭൂമിയുള്ളവർ, സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ, ഫ്ളാറ്റോ ഉള്ളവർ, നാല് ചക്ര വാഹനം സ്വന്തമായി ഉള്ളവർ എന്നീ വിഭാഗങ്ങളിൽപ്പെടാത്ത വിധവകൾ കുടുംബത്തിൽ ഉണ്ടെങ്കിൽ ടി കുടുംബത്തെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള അപേക്ഷകൾ |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ പരിശോധിച്ച് മറ്റ് മാനദണ്ഡങ്ങൾക്ക് വിധേയമായി അർഹതപ്പെട്ടവർക്ക് ബി.പി.എൽ. കാർഡ് നലകുന്നതാണ്. ഇപ്രകാരം ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുന്ന വിധവകളുടെ കുടുംബങ്ങൾക്ക് ഒരു രൂപ വിലയുള്ള അരിക്ക് അർഹതയുണ്ടാകുന്നതാണ്. |
| (ജി) | തൊഴിലവസരങ്ങളിൽ വിധവകൾക്ക് സംവരണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ; | (ജി) | നിലവിലെ സംവരണാനുപാതത്തിൽ മാറ്റം വരുത്താൻ നിർവ്വാഹമില്ല. |
| (എച്ച്) | കഷ്ടത അനുഭവിക്കുന്ന വിധവകളെ പൊതുധാരയിൽ കൊണ്ടുവരാനും മാനസികവും ശാരീരികവുമായി ആരോഗ്യവതികളാക്കി മാറ്റുന്നതിനും എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (എച്ച്) | നിലവിൽ സാമൂഹ്യനീതി വകുപ്പിൽ വിധവ പുനർ വിവാഹ ധനസഹായമായി 25,000/- രൂപ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ